ദൈവത്തിന്റെ നിശ്ചയമാണ് മനുഷ്യർ പരസ്പരം ചേർന്നുനിന്ന് ജീവിക്കണമെന്ന സാമൂഹികത. അത് നീതിപൂർവമാകണമെന്നതും ദൈവത്തിന്റെ മാർഗനിർദേശങ്ങളിൽ പെട്ടതാണ്.

സാമൂഹികതയും ഒത്തുചേരലുകളുമൊക്കെ ഇന്ന് സാർവത്രികമായി നടക്കുന്നുണ്ടെങ്കിലും മുഴച്ചുനിൽക്കുന്ന ക്രമക്കേടുകൾ നമുക്കിടയിൽ ധാരാളമാണ്. പഴയ കൂട്ടുകുടുംബവും നാട്ടുകൂട്ടങ്ങളും അയൽപക്കങ്ങളുമായുള്ള ഊഷ്മളതയും വിശാലമായ നിഷ്കളങ്ക ചങ്ങാത്തവുമൊക്കെ ഓർക്കാനുള്ള ചരിത്രമായി മാറുന്ന ജീവിതശൈലിയിലേക്കാണ് നാം നീങ്ങുന്നത്. മുമ്പൊക്കെ മനുഷ്യർ ഒത്തുചേർന്നിരുന്നു. വികാരങ്ങൾക്കതീതമായ സ്നേഹോഷ്മളത അവിടെ നിലനിൽക്കുകയും ചെയ്തിരുന്നു. ഇന്നാകട്ടെ സമുദായങ്ങളാണ് ഒത്തുചേരുന്നത്. പല ജാതി സമുദായങ്ങൾ. ഹൃദയങ്ങൾ അപ്പോഴും അകലുകയാണ്. സംശയങ്ങളാണ് അവരുടെ ഒത്തുചേരലുകൾക്ക് നിറം നൽകുന്നത്. അയൽപക്കങ്ങൾ പോലും ഇതിൽനിന്ന് പുറത്തല്ല. മനുഷ്യരുണ്ടാക്കിയ ജീവിതശൈലിയുടെ ഭവിഷ്യത്താണ് ഇത്തരം ദുരന്തങ്ങൾ വരുത്തിവെച്ചത്. സ്വാർഥമാണതിന് നിമിത്തം.

തനിക്ക് ജീവിക്കണം. അതിന് ഏതു വഴിയുമാകാമെന്ന ധാർഷ്ട്യമാണ് ഇന്ന് പലരെയും നയിക്കുന്നത്.

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുമ്പ് പുറത്തുവന്ന വാർത്ത നമ്മെ പരിഭ്രമിപ്പിക്കുന്നതാണ്. കേരളത്തിലെ തന്നെ പാൽമാഫിയകളുടെ ഒത്താശയോടെ ബീഹാർ, ഗുജറാത്ത് എന്നിവിടങ്ങളിൽനിന്ന് കേരളത്തിലേക്ക് പ്രവഹിച്ചിരുന്ന പാലുപയോഗത്തിലൂടെ നാം ദിനേന അകത്താക്കുന്നത് യൂറിയ, നൂട്രലൈസർ, ഫോർമലിൻ തുടങ്ങിയ മാരക രാസ പദാർഥങ്ങളാകുന്നു. വ്യാജമദ്യത്തെക്കാൾ വൻ ലാഭമുള്ള ഈ പരിപാടി മേലധികാരികളുടെ ഒത്താശയോടെയാണ് നടക്കുന്നതെന്നത് അതിനെക്കാൾ വലിയ ദുരന്തമാകുന്നു. ഇന്ന് കേരളത്തിൽ ഇതും ഒരു തൊഴിലായി മാറിയിക്കുന്നു. പകരം നമുക്ക് കിട്ടുന്നത് മാറാരോഗവും.

പന്നിപ്പനിയുടെയും മറ്റു പനികളുടെയും പേരിൽ സംസ്ഥാനത്തെ മരുന്നു കമ്പനികൾ ചെയ്തുകൂട്ടുന്ന ചൂഷണവും അക്രമവും ബോധ്യപ്പെടാത്തവരല്ല ജനവും ഭരണകൂടവും. നിരോധിക്കപ്പെട്ട 2000ൽ അധികം മരുന്നുകൾ ഇന്ന് മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ആർ ആരെപിടിച്ചുകെട്ടും എന്നതാണിന്നത്തെ പ്രശ്നം.

കുട്ടികൾക്കും രോഗികൾക്കും ആഹാരമായി നൽകുന്ന ബ്രഡിൽ പോലും ഹാനികരമായ ട്രാൻസ്ഫോറ്റ്, പൊടാസ്യം ബ്രാമേറ്റ് പോലുള്ള രാസപദാർഥങ്ങൾ ഉപയോഗിച്ചാണ് ഉൽപാദിപ്പിക്കുന്നത്. ഇതെല്ലാം മാരകമായ അനന്തരഫലം ഉണ്ടാക്കുമെന്ന് തിരിച്ചറിയാത്തവരല്ല ഉത്തരവാദപ്പെട്ടവർ.

അസാധാരണ വലിപ്പത്തിലുള്ള തലയും ചെറുതായി വളഞ്ഞ കൈകാലുകളും ഉന്തിവീർത്ത വയറുമൊക്കെയായി ഒരു തലമുറ ജനിച്ചുവീഴുമ്പോൾ ബന്ധപ്പെട്ടവർ ഒന്ന് തിരിഞ്ഞുനോക്കാൻ പോലും മനസ്സുവെക്കാത്തതിന്റെ തുടർക്കഥയാണിന്ന് എൻഡോസൾഫാനിന് പറയാനുള്ളത്. പക്ഷേ, പണത്തിനു വേണ്ടി അതും പഥ്യമായി കരുതുന്നതാണ് ഇന്നത്തെ മനുഷ്യമനസ്സ്.

മദ്യത്തിന്റെ ക്വാളിറ്റി പരിശോധിക്കാനുള്ള നമ്മുടെ സംസ്ഥാനത്തിന്റെ സാങ്കേതിക പരിമിതി മനസ്സിലാക്കിയ മദ്യമാഫിയകൾ വൻ ദുരന്തം വിതറുന്ന വ്യാജനുമായി രംഗം പിടിച്ചടക്കിക്കഴിഞ്ഞു. എത്ര കുടുംബങ്ങൾ അതു മൂലം അനാഥമാകുന്നു?

തനിക്കിഷ്ടപ്പെടാത്തവൻ നേർരേഖയിലാണെങ്കിലും അവനെ വകവരുത്താൻ ക്വട്ടേഷൻ സംഘങ്ങളെ കൂട്ടുപിടിച്ചു നടക്കുന്ന ഉന്നതർ വാഴുന്ന കാലം. ഇതൊക്കെ നല്ലതിലേക്കുള്ള സൂചനയല്ല, വൻ ദുരന്തത്തിലേക്കുള്ള വാതിൽ തുറക്കുകയാണ് നാം ചെയ്യുന്നത്.

ഇവരാരും രോഗികളോ തിരിച്ചറിവ് നഷ്ടപ്പെട്ടവരോ അല്ല. എല്ലാം കണ്ടറിയാൻ സാധിക്കുന്ന വിരുതന്മാരാണ്. ജനജീവിതം കൊണ്ടാണ് അവർ കച്ചവടം നടത്തുന്നതെന്ന് മാത്രം.

നിയതിയിൽനിന്ന്, മൂല്യങ്ങളിൽനിന്ന്, സ്വന്തം രക്തത്തോടൊപ്പം കൊണ്ടുനട ന്നിരുന്ന ധാർമികതയിൽനിന്ന് മനുഷ്യൻ എന്തുകൊണ്ടാണ് പുറത്തുപോകുന്നത്. തല പുകഞ്ഞാലോചിക്കേണ്ട വിഷയമല്ല ഇത്.

ദൈവം നിശ്ചയിച്ചതിനപ്പുറം മനുഷ്യർ കാര്യങ്ങൾ തീരുമാനിച്ചാലുണ്ടാകുന്ന ഭവിഷ്യത്തിലേക്കാണിത് വിരൽ ചൂണ്ടുന്നത്. അതിനാലാണ് ദൈവികമായ വ്യവസ്ഥയാണ് മനുഷ്യന് ജീവിക്കാൻ ആവശ്യം എന്നു പറയാൻ കാരണം. അതിന്റെ അഭാവത്തിൽ ജീവിതം ഏതെല്ലാം ദുരന്തമേഖലകളിലേക്ക് നീങ്ങുമെന്നത് കണ്ടറിയേണ്ടതുണ്ട്.